ഉത്തരം

(എ) എസ്.എസ്.ഐ. രജിസ്ട്രേഷൻ ഉള്ള ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് മുൻഗണനാടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്.

(ബി) ഇത്തരത്തിലുള്ള നിവേദനങ്ങൾ ലഭിക്കാറുണ്ട്.

(സി) ഉപഭോക്താവ് സ്വീകരിക്കേണ്ട എല്ലാ നടപടിക്രമങ്ങളും പാലിച്ചുവെന്ന് ഉറപ്പുവരുത്തിയശേഷം നിലവിലുള്ള നിയമങ്ങൾ അനുസരിച്ച് ബാധകമായ മുൻഗണന നൽകി കാലതാമസം കൂടാതെ വൈദ്യുതി കണക്ഷൻ നൽകുന്നുണ്ട്.

81 (1931) ഇലക്ട്രിക് പോസ്റ്റിന്റെ ദൗർലഭ്യം

ശ്രീ. എ. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയുടെ വിവിധ ഭാഗങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിന് എല്ലാ നടപടികളും പൂർത്തീകരിച്ചെങ്കിലും ഇലക്ട്രിക് പോസ്റ്റ് ലഭ്യമല്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ നൽകാൻ കഴിയാതെ വരുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പരിഹാരനടപടികൾ കൈക്കൊണ്ടിട്ടുണ്ടോ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കോഴിക്കോട് ജില്ലയിലെ കല്ലൻകോട് പോൾ കാസ്റ്റിംഗ് യാർഡിൽ നിന്നും ഇപ്പോൾ 7 മീറ്റർ പോസ്റ്റുകൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് സാധിക്കുന്നില്ല. അടുത്ത മൂന്നു വർഷത്തേയ്ക്ക് കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിളിലേയ്ക്ക് പോസ്റ്റുകൾ നിർമ്മിച്ചു വിതരണം ചെയ്യുന്നതിനായി ടെൻഡർ ക്ഷണിച്ച് 50,000(അൻപതിനായിരം) ഏഴുമീറ്റർ പോസ്റ്റിനും, 9000 (ഒൻപതിനായിരം) 9 മീറ്റർ പോസ്റ്റിനും ഓർഡർ നൽകിയിട്ടുണ്ട്. ഇപ്പോൾ നിലവിലുള്ള യാർഡിൽ നിന്നും വിതരണം ചെയ്യുന്നതിൽ കുറവുവരുന്ന പോസ്റ്റുകളുടെ ഒരു ഭാഗം അടുത്തുള്ള പിണറായി, മങ്ങാട്ടു പറമ്പ് എന്നീ യാർഡുകളിൽ നിന്നു നൽകാൻ നടപടി എടുത്തിട്ടുണ്ട്.

82 (1932) തിരൂർ-എടപ്പാൾ വൈദ്യുതി ലൈനിന്റെ പണി

ശ്രീ. വി.കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ - എടപ്പാൾ വൈദ്യുതി ലൈനിന്റെ പണി നിറുത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വെളിപ്പെടുത്തുമോ;

(സി) ഇതിന്റെ പണി എന്നാണ് ആരംഭിച്ചത്; എത്ര ശതമാനം പണി ഇതിനകം പൂർത്തിയാക്കിയിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പണിയ്ക്ക് നേരിടുന്ന കാലതാമസം ഒഴിവാക്കി എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി) തിരൂർ എടപ്പാൾ ലൈനിന്റെ പണി നിർത്തിവെച്ചിട്ടില്ല.

(സി) ഈ ലൈനിന്റെ പണി 1987-ലാണ് ആരംഭിച്ചത്. തൊണ്ണൂറ് ശത മാനം പ്രവൃത്തികളും പൂർത്തിയായിട്ടുണ്ട്.

(ഡി) ശേഷിക്കുന്ന പത്തു ശതമാനം ജോലികൾ കഴിവതും വേഗം പൂർത്തിയാക്കി ലൈൻ കമ്മീഷൻ ചെയ്യുന്നതാണ്.

83 (1933) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി

ശ്രീ. സി. മമ്മുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുവള്ളി നിയോജകമണ്ഡലത്തിലെ കിഴക്കോത്ത് പഞ്ചാ യത്തിലെ എളേറ്റിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നരിക്കുനി പഞ്ചായത്തിൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) കക്കോടി ഇലക്ട്രിക്കൽ സെക്ഷൻ കോഴിക്കോട് സിറ്റി ഡിവി ഷനിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇതിനാവശ്യമായ നിർദ്ദേശം നൽകുമോ?

ഉത്തരം

(എ)&(ബി) തൽക്കാലം പുതിയ ഓഫീസുകളുടെ രൂപീകരണം ഒന്നും തന്നെ ബോർഡിന്റെ പരിഗണനയിൽ ഇല്ല. സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച പുതിയ വൈദ്യുതി നയം നടപ്പിലാക്കി കഴിഞ്ഞു മാത്രമേ ബോർഡ് ഇനി പുതിയ ഓഫീസുകളുടെ രൂപീകരണം സംബന്ധിച്ച് തീരുമാനം കൈക്കൊ ള്ളുകയുള്ളൂ.

(സി) സാദ്ധ്യതാ പഠനം നടത്തിക്കൊണ്ടിരിക്കുന്നു.

(ഡി) പഠനം നടത്തിയശേഷം യുക്തമായ തീരുമാനം കൈക്കൊള്ളു ന്നതാണ്.

84 (1934) ശബരിമലയിലെ വൈദ്യുതി ചാർജ്ജ്

ശ്രീ. ബി. വിജയകുമാർ :

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലും പമ്പയിലും വ്യാപാര സ്ഥാപനങ്ങൾക്ക് വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുകയുണ്ടായോ;

LIBRARY ARCHIVES Kerala Legislative Assembly